**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2726** **13-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ഡിജിറ്റൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ സാങ്കേതികമായി ശക്തിപ്പെടുത്തുന്നതിന് 100% ഡിജിറ്റൈസേഷൻ നടപ്പാക്കും എന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ സങ്കേതികമായി ശക്തിപ്പെടുത്തു ന്നതിന് ഡിജിറ്റൈസേഷൻ നടപ്പാക്കുന്ന തിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br><u>1. ഇ ഓഫീസ് സംസ്ഥാന തലത്തിൽ നടപ്പിലാക്കി.</u><br><br>സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇ ഓഫീസ് സംവിധാനം നിലവിൽ വന്നു. ഇതുവഴി ഓഫീസിനുള്ളിലെ ഫയൽ നീക്കവും കൂടാതെ ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകളും ഇ ഓഫീസ് സംവിധാനത്തിലേക്ക് മാറാൻ സാധിച്ചു. താഴെ തട്ടിലുള്ള സർക്കിൾ ഓഫീസ് മുതൽ ജില്ലാ ഓഫീസ്, സംസ്ഥാനതല കമ്മീഷണറേറ്റ്, സെക്രട്ടറിയേറ്റ് വരെയുള്ള ഫയൽ നീക്കം പൂർണമായും ഇ ഫയൽ വഴിയാണ്. ഇത് സമയലാഭവും സുതാര്യതയും കൂട്ടുന്നതിനും പേപ്പർ ഉപയോഗവും തപാൽ ചിലവുകളും കുറയ്ക്കുന്നതിനും സാധിച്ചു. ഇതുവഴി ഡിപ്പാർട്ട്മെന്റിന് പൂർണമായും 'ഡിജിറ്റൽ ഡിപ്പാർട്ട്മെന്റ് ആയി മാറാൻ സാധിച്ചു.<br><br><u>2. ജി.എസ്.ടി മോഡൽ 2 ബാക്കോഫീസ് നടപ്പിലാക്കി.</u><br><br>സംസ്ഥാന ജി.എസ്.ടി വകുപ്പ് ജി.എസ്.ടി.എൻ. വികസിപ്പിച്ച പുതിയ ജി.എസ്.ടി ബാക്കോഫീസ് സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് പ്രവർത്തനം മാറി. ഇതുവഴി ജി.എസ്.ടി നിയമത്തിൽ വരുന്ന മാറ്റത്തിനനുസരിച്ച് തത്സമയം സോഫ്റ്റ് വെയർ പ്രവർത്തനം ക്രമീകരിക്കപ്പെടുന്നു. കൂടാതെ നികുതി വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനും ഇതു സഹായിക്കുന്നു. മറ്റു സംസ്ഥാനങ്ങളിലെ മികച്ച രീതികൾ കൂടി ഇതുവഴി ലഭ്യമാകുന്നു. വിപുലമായ എം.ഐ.എസ് സംവിധാനം, നികുതി ചോർച്ച തടയുന്നതിനുള്ള ബിസിനസ് ഇന്റലിജൻസ് ആന്റ് |

| | | | |
|---|---|---|---|
| | | | ഫ്രോഡ് അനലിറ്റിക്സ് പോലുള്ള അഖിലേന്ത്യ സംവിധാനം ഉപയോഗിച്ചുള്ള പ്രവർത്തനം സാധ്യമായി. കൂടാതെ ഈ സംവിധാനം വഴി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളും പൂർണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിനും സാധിച്ചു.<br><br><u>3. വിർച്വൽ ഐ.ടി. കേഡർ</u><br><br>ഇ ഗവർണൻസിന്റെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ വിർച്വൽ ഐ.ടി. കേഡർ സംവിധാനം നടപ്പിലാക്കി. വിവര സാങ്കേതിക വിദ്യയിലൂന്നിയ പ്രവർത്തന ങ്ങൾ സുഗമമായി പുരോഗമിക്കുന്നതിന് ഇത് ഏറെ സഹായകരമാണ്. വകുപ്പിലെ തന്നെ ഐ.ടി വിഗദ്ധരായ ജീവനക്കാരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഡിജിറ്റൈസേഷൻ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ശതമാനം പൂർത്തീകരിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ഡിജിറ്റസേഷൻ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ